**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 156 28.11.2018 ൽ മറുപടിക്ക്

## സനൽ വധക്കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.അബ്ദുൽ ഹമീദ് പി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നെയ്യാറ്റിൻകരയിൽ സനൽ എന്ന യുവാവിനെ വാഹനത്തിനു മുന്നിലേക്ക് തള്ളിയിട്ടതിനെ തുടർന്ന് മരണപ്പെട്ട സംഭവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേസിൽ ക്രൈംബ്രാഞ്ചന്വേഷണം നടന്നുവരുന്നു. |
| (ബി) പരുക്കേറ്റ യുവാവിനെ ഉടൻ ആശുപത്രിയിൽ എത്തിക്കുന്നതിനുപകരം ആംബുലൻസിൽ പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോയി എന്നതിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;<br><br>(സി) എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) & (സി) വീഴ്ചവരുത്തിയ പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ആയതു സംബന്ധിച്ചും അന്വേഷണം നടന്നു വരുന്നു. |
| (ഡി) മരണപ്പെട്ട സനലിന്റെ ഭാര്യയ്ക്ക് തൊഴിലും സാമ്പത്തിക സഹായവും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ഡി) തീരുമാനിച്ചിട്ടില്ല. |
| (ഇ) ഈ കേസ്സിലെ പ്രതിയെ രക്ഷപെടാൻ അനുവദിച്ച ശേഷം കടുത്ത സമ്മർദ്ദത്തിലാക്കിയതിനെ തുടർന്ന് ആത്മഹത്യ ചെയ്തുവെന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) കല്ലമ്പലം പോലീസ് സ്റ്റേഷനിൽ ക്രൈം നം.1591/2018 u/s 174 CrPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ